വിജിലൻസ് റെയിഡ്

45 [2934] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പിൽ എത്ര ജീവനക്കാരെ പിരിച്ചു വിട്ടിട്ടുണ്ടെന്നും അവ ഏതെല്ലാം കുറ്റങ്ങളുടെ പേരിലാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്രപേരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) അവർ ഏതെല്ലാം കുറ്റങ്ങളുടെ പേരിലാണ് സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പിന്റെ ഏതെങ്കിലും ഓഫീസുകളിൽ വിജിലൻസ് റെയിഡ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നാലു ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് മൂന്നുപേരെയും, വ്യാജരേഖ ചമച്ച് പണാപഹരണം നടത്തിയതിന് ഒരാളെയുമാണ് പിരിച്ചുവിട്ടിട്ടുള്ളത്.

(ബി) പതിനാറു പേരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) കൈക്കൂലി വാങ്ങുകയും, മരാമത്ത് പണിയിൽ ക്രമക്കേട് കാട്ടുകയും ചെയ്തതിന് ഏഴുപേരെയും, വ്യാജരേഖ ചമച്ച് പണാപഹരണം നടത്തിയതിന് മൂന്നു പേരെയും, മരാമത്ത് പണിയിൽ ക്രമക്കേടും അഴിമതിയും കാട്ടിയതിന് അഞ്ചു പേരെയും, മേലുദ്യോഗസ്ഥനെ കൈയേറ്റം ചെയ്തതിന് ഒരാളെയുമാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്.

(ഡി) ഇല്ല.

വയനാട് ജില്ലയിലെ കല്പറ്റയിലെ മരാമത്ത് വകുപ്പുവക കരിങ്കൽ ക്വാറി സ്വകാര്യ വ്യക്തികൾ കയ്യേറിയതിനെതിരെ നടപടി

46 [2935] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കല്പറ്റ സബ് ഡിവിഷന്റെ പരിധിയിലുള്ള തരിയോട് പ്രദേശത്ത് കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ എഫ്.ആർ.എൽ.-ന് മുകൾ ഭാഗത്തായി സ്ഥിതിചെയ്യുന്ന മരാമത്ത് വകുപ്പ് വകയുള്ള കരിങ്കൽ ക്വാറി വർഷങ്ങളായി സ്വകാര്യ വ്യക്തികൾ കയ്യേറി കരിങ്കല്ല് പൊട്ടിച്ചു വില്പന നടത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly